## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2232 — 09.03.2018-ൽ മറുപടിക്ക്

### ഭൂരഹിതരായും വീടില്ലാത്തവരുമായ ആദിവാസികൾ/ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം

**ചോദ്യം**
ശ്രീ.പി.കെ. ശശി

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഭൂരഹിതരായും വീടില്ലാത്തവരുമായ ആദിവാസികൾ/ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം ആയിട്ട് എത്ര പേരുണ്ടായിരുന്നുവെന്നുള്ള വിശദാംശം ലഭ്യമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ 45225 പട്ടികജാതി വിഭാഗക്കാരും, 12435 പട്ടികവർഗ്ഗക്കാരും ഭൂരഹിതരായുണ്ടായിരുന്നു.<br>ഭവനരഹിതരായ 26210 പട്ടികജാതി വിഭാഗക്കാരും, സ്വന്തമായി ഭൂമിയുള്ളവരിൽ ഭവനരഹിതരായ 15149 പട്ടികവർഗ്ഗ വിഭാഗക്കാരും ഉണ്ടായിരുന്നു. |
| ബി) | ഈ സർക്കാർ ഇവരിൽ എത്ര പേർക്ക് വീടും /ഭൂമിയും വീടും(വിഭാഗം തിരിച്ച്) നൽകി വിശദാംശം ല്യമാക്കാമോ | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വകുപ്പിൽ ആകെ 21946 വീടുകൾ അനുവദിക്കുകയും അതിൽ 6455 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. ഇതിന് പുറമെ ഈ സർക്കാർ വരുമ്പോൾ spill over ആയി ഉണ്ടായിരുന്ന 16360 വീടുകളിൽ 6953 വീടുകളും പൂർത്തീകരിച്ചു.<br>ഭവനരഹിതരായ 6709 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിവിധ പദ്ധതിയിലുൾപ്പെടുത്തി പുതിയ വീടുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിൽപ്പെടുത്തി 248 ഗുണഭോക്താക്കൾക്കായി 81.983 ഏക്കർ ഭൂമി വാങ്ങി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. കൂടാതെ 34 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി 667 പേർക്കായി 1847 ഏക്കർ ഭൂമി വിതരണം നടത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം ഇത്തരത്തിൽ 915 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ട്. |
| സി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത വിഭാഗങ്ങളിലുള്ള എത്ര പേർക്ക് പ്രസ്തുത സഹായം ലഭ്യമാക്കിയെന്ന വിശദാംശം ലഭ്യമാക്കുമോ? | സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 30063 പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനും 24887 പേർക്ക് ഭവന നിർമ്മാണത്തിനും ആനുകൂല്യം നൽകിയിട്ടുണ്ട്. 30063 വീടുകളിൽ 16360 വീടുകൾ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ spill over ആയി ഉണ്ടായിരുന്നു. ഈ വീടുകൾ പണി കഴിപ്പിക്കുന്നതിനും ആനുകൂല്യം അനുവദിച്ചു.<br><br>കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിവിധ പദ്ധതികളിൽപ്പെടുത്തി 2011-12 മുതൽ 2015-16 വരെ 17605 വീടുകൾ അനുവദിക്കുകയും 2695 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി spill over ആയി വന്നിരുന്നു. കൂടാതെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി ആകെ 509 പേർക്ക് 178.4 ഏക്കർ ഭൂമി വാങ്ങി നൽകുകയും, വനാവകാശ നിയമ പ്രകാരം 3378 പേർക്ക് 12574 ഏക്കർ ഭൂമിയിന്മേൽ വ്യക്തിഗത കൈവശാവകാശം നൽകുകയും ചെയ്തു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ